سورة البروج

85.സൂറതുൽ ബുറൂജ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 22

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ	**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**
وَٱلسَّمَآءِ ذَاتِ ٱلۡبُرُوجِ ﴿١﴾	**﴿1﴾ ഗ്രഹമണ്ഡലങ്ങളുള്ളതായ ആകാശം തന്നെയാണ (സത്യം)!**
وَٱلۡيَوۡمِ ٱلۡمَوۡعُودِ ﴿٢﴾	**﴿2﴾ വാഗ്ദത്തം ചെയ്യപ്പെട്ട (ആ) ദിവസം തന്നെയാണ (സത്യം)!**
وَشَاهِدٖ وَمَشۡهُودٖ ﴿٣﴾	**﴿3﴾ സാക്ഷിയും, സാക്ഷീകരിക്കപ്പെടുന്നതും തന്നെയാണ (സത്യം)!**

﴿1﴾ وَالسَّمَاءِ ആകാശം തന്നെയാണ ذَاتِ الْبُرُوجِ രാശി (ഗ്രഹമണ്ഡലം)കളുള്ള ﴿2﴾ وَالْيَوْمِ ദിവസവും തന്നെയാണ الْمَوْعُودِ വാഗ്ദത്തം ചെയ്യപ്പെട്ട ﴿3﴾ وَشَاهِدٍ സാക്ഷിയും തന്നെയാണ وَمَشْهُودٍ സാക്ഷീകരിക്കപ്പെടുന്ന (സാക്ഷി നിൽക്കപ്പെടുന്ന)തും

ഈ മൂന്ന് വചനങ്ങളിലായി നാല് വസ്തുക്കളെക്കൊണ്ട് അല്ലാഹു ആണയിട്ടിരിക്കുന്നു:

(1) ഗ്രഹമണ്ഡലങ്ങളുള്ള ആകാശംകൊണ്ട്. 'ഗ്രഹമണ്ഡലങ്ങൾ' എന്ന് അർത്ഥം കൽപിച്ച 'ബുറൂജ്' (الْبُرُوج) എന്ന വാക്കിന്- സൂ: ഫുർക്വാൻ 61 ന്റെ വിവരണത്തിൽ ചൂണ്ടിക്കാട്ടിയപോലെ- 'ഗ്രഹങ്ങൾ, രാശികൾ, നക്ഷത്രങ്ങൾ, കോട്ടകൾ, മാളികവീടുകൾ' എന്നൊക്കെ അർത്ഥം വരാറുണ്ട്.

(2) വാഗ്ദത്തം ചെയ്യപ്പെട്ട ദിവസംകൊണ്ട്- ക്വിയാമത്തുനാളാണ് ഇതുകൊണ്ട് ഉദ്ദേശ്യം- വാഗ്ദത്തം ചെയ്യപ്പെട്ടത് എന്ന് ക്വിയാമത്തുനാളിനെക്കുറിച്ച് ക്വുർആനിൽ വേറെയും സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

(3, 4) സാക്ഷിയും സാക്ഷീകരിക്കപ്പെടുന്നതുംകൊണ്ട്, ഈ രണ്ട് വാക്കുകളും കുറേ

വ്യാപകമായ അർത്ഥം ഉൾക്കൊള്ളുന്നതാകുന്നു. ലോകത്തുള്ള വസ്തുക്കളെല്ലാം ഒരർത്ഥത്തിൽ ഒന്നൊന്നിന് സാക്ഷിയാണെന്ന് കാണാം. മനുഷ്യനെ സംബന്ധിച്ച സാക്ഷ്യത്തിനാണ് ഇവിടെ കൂടുതൽ പ്രസക്തിയുള്ളതെന്ന് പറയേണ്ടതില്ല. മനുഷ്യന്റെ കർമങ്ങൾക്ക് ലോകവസ്തുക്കളിൽ കണക്കറ്റ സാക്ഷികളെ കാണാവുന്നതാണ്. സ്ഥലങ്ങൾ, പരിസരവസ്തുക്കൾ, സമയങ്ങൾ, ഉപകരണങ്ങൾ, സഹജീവികൾ ആദിയായി പലതും പലതും അവന് സാക്ഷികളായിത്തീരുന്നു. അല്ലാഹുവിന്റെ കോടതിയിൽ ഇവയെല്ലാം മനുഷ്യകർമങ്ങളെ സാക്ഷീകരിക്കുന്നതാണ്. ഐഹിക കോടതികളിൽപോലും ഇങ്ങനെയുള്ള ചില കാര്യങ്ങൾ ഓരോതരത്തിൽ തെളിവുനൽകുന്ന സാക്ഷ്യങ്ങളായി ഉപയോഗപ്പെടുത്താറുണ്ടല്ലോ. അല്ലാഹുവിന്റെ മുമ്പിലാകട്ടെ, അവയെല്ലാം നേർക്കുനേരെത്തന്നെ സാക്ഷിമൊഴികൊടുക്കുന്നതായിരിക്കും. നബി തിരുമേനി ﷺ ഈ സമുദായത്തിനും, മുമ്പുണ്ടായിരുന്ന പ്രവാചകൻമാർ അവരുടെ സമുദായങ്ങൾക്കും സാക്ഷികളാകുന്നു. (സൂ: നിസാഉ് 41.) ഈ സമുദായം മറ്റ് സമുദായങ്ങൾക്കും സാക്ഷിയാണ്. (അൽബക്വറഃ 143) മനുഷ്യന്റെ അവയവങ്ങൾ അവന് സാക്ഷികളായിരിക്കും. (യാസീൻ 65) എന്നിങ്ങനെ ക്വുർആന്റെ പ്രസ്താവനകളും അവയുടെ സാരങ്ങളും ഇവിടെ പ്രസ്താവ്യമാകുന്നു. ഇതുപോലെ ഹദീഥുകളിലും പലതരം സാക്ഷികളെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള എല്ലാ സാക്ഷികളും, ആ സാക്ഷികളുടെ സാക്ഷ്യങ്ങൾക്ക് വിധേയരായവരും ഇതിൽ ഉൾപ്പെടുന്നതാകുന്നു.

شَاهِدٍ, وَمَشْهُودٍ എന്നീ വാക്കുകൾക്ക് 'കാണുന്നതും, കാണപ്പെടുന്നതും' എന്നും, 'ഹാജരാകുന്നതും, ഹാജരാകുന്ന സ്ഥലവും അഥവാ കാലവും' എന്നും അർത്ഥം വരാവുന്നതാണ്. ക്വിയാമത്തുനാൾ, ജുമുഅഃ ദിവസം, അറഫാദിനം, ജമാഅത്ത് നമസ്കാരം, പള്ളി മുതലായവയും അവയിൽ സമ്മേളിക്കുന്നവരുമാണ് ഇവിടെ ഉദ്ദേശ്യമെന്ന് സൂചിപ്പിക്കുന്ന ചില രിവായത്തുകളും പ്രസ്താവനകളും ഇവിടെ കാണപ്പെടാറുള്ളത് ഈ അടിസ്ഥാനത്തിലാകുന്നു. വാസ്തവത്തിൽ അതെല്ലാം ഇവിടെ ഉദാഹരണങ്ങളായി സ്വീകരിക്കാമെന്നല്ലാതെ, സാക്ഷാൽ ഉദ്ദേശ്യം അവയിലൊന്നും പരിമിതമല്ല. ഏതായാലും അല്ലാഹു സത്യം ചെയ്യാൻ ഉപയോഗിച്ച വസ്തുക്കളെക്കുറിച്ച് ചിന്തിക്കുന്നവർക്ക് അതിൽ സാരവത്തായ പല രഹസ്യങ്ങളും കണ്ടെത്തുവാൻ കഴിയുമെന്നതിൽ സംശയമില്ല. സത്യവിശ്വാസികളുടെ നേരെ സത്യനിഷേധികൾ അഴിച്ചുവിടുന്ന കടുത്ത മർദ്ദനങ്ങൾക്കും, യഥാർത്ഥ വിശ്വാസത്തിന്റെ അചഞ്ചലതക്കും ഉത്തമോദാഹരണമായ ഒരു സംഭവമാണ് അല്ലാഹു തുടർന്ന് പറയുന്നത്:-

قُتِلَ أَصْحَٰبُ ٱلْأُخْدُودِ ﴿٤﴾

﴿4﴾ കിടങ്ങിന്റെ ആൾക്കാർ കൊല്ലപ്പെടട്ടെ [ശപിക്കപ്പെടട്ടെ]!-

ٱلنَّارِ ذَاتِ ٱلْوَقُودِ ﴿٥﴾

﴿5﴾ അതായത് ഇന്ധനം [വിറക്] നിറച്ച അഗ്നിയുടെ (ആൾക്കാർ);-

إِذْ هُمْ عَلَيْهَا قُعُودٌ ﴿٦﴾

﴿6﴾ അവർ അതിങ്കൽ ഇരുന്നുകൊണ്ടിരുന്ന സന്ദർഭം;-

وَهُمْ عَلَىٰ مَا يَفْعَلُونَ بِٱلْمُؤْمِنِينَ

﴿7﴾ സത്യവിശ്വാസികളെക്കൊണ്ട് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിന് അവർ ദൃക്സാക്ഷികളായും

شُهُودٌ ﴿٧﴾ കൊണ്ട്.

الْأُخْدُودِ ആൾക്കാർ أَصْحَابُ കൊല്ല (ശപിക്ക- നശിപ്പിക്ക)പ്പെടട്ടെ قُتِلَ ﴾4﴿ കിടങ്ങിന്റെ ﴾5﴿ النَّارِ അതായത് അഗ്നിയുടെ ذَاتِ الْوَقُودِ വിറക് (ഇന്ധനം) ഉള്ളതായ (നിറക്കപ്പെട്ട) ﴾6﴿ إِذْهُمْ അവർ ആയിരുന്ന സന്ദർഭം عَلَيْهَا അതിങ്കൽ, അതിനുമേലെ قُعُودٌ ഇരിക്കുന്നവർ ﴾7﴿ وَهُمْ അവർ, അവരാകട്ടെ عَلَىٰ مَا يَفْعَلُونَ തങ്ങൾ ചെയ്യുന്നതിന് بِالْمُؤْمِنِينَ സത്യവിശ്വാസികളെക്കൊണ്ട് شُهُودٌ (ദൃക്ക്) സാക്ഷികളുമാണ്

നബി തിരുമേനിﷺയും സ്വഹാബികളും അങ്ങേഅറ്റം ശത്രുമർദ്ദനങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അവതരിച്ച ഒരദ്ധ്യായമാണിത്. ബിലാൽ (റ), സ്വുഹൈബ് (റ) തുടങ്ങിയ പല സ്വഹാബികളും- സ്വഹാബീ വനിതകൾപോലും- ഖുറൈശികളുടെ വിവിധതരത്തിലുള്ള ക്രൂരമർദ്ദനങ്ങൾ അനുഭവിച്ചിരുന്നത് പ്രസിദ്ധമാണ്. ഒരിക്കൽ അവർ തിരുമേനിയോട് അതിനെക്കുറിച്ച് സങ്കടപ്പെടുകയുണ്ടായി. തിരുമേനി കഅ്ബഃയുടെ തണലിൽ ഒരു പുതപ്പ് തലയിണയാക്കി കിടക്കുകയായിരുന്നു. 'നബിയേ അവിടുന്ന്, ഞങ്ങൾക്കുവേണ്ടി (അല്ലാഹുവിനോട്) സഹായം തേടുന്നില്ലേ?! ഞങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നില്ലേ?!' എന്നിങ്ങനെ അവർ പറഞ്ഞു. തിരുമേനി പ്രതിവചിച്ചു: 'നിങ്ങളുടെ മുമ്പ് ചിലരെ പിടിച്ചു കുഴികുത്തി അതിൽ നിറുത്തി ഉളിവാൾ അവരുടെ തലയിൽ വെച്ച് രണ്ട് പിളർപ്പായി പിളർത്തുകയും, ഇരുമ്പിന്റെ ചീർപ്പുകൊണ്ട് എല്ലും മാംസവുമല്ലാത്തതെല്ലാം ഈർന്നെടുക്കുകയും ചെയ്യപ്പെടാറുണ്ടായിരുന്നു. എന്നിട്ട്പോലും അത് അയാളുടെ മതവിശ്വാസത്തിൽ നിന്ന് അയാളെ തടയുമായിരുന്നില്ല. അല്ലാഹു തന്നെയാണ്! അവൻ ഇക്കാര്യം പൂർത്തിയാക്കുകതന്നെ ചെയ്യും. അങ്ങനെ (യമനിലെ) സ്വൻആയിൽ നിന്ന് ഒരു വാഹനക്കാരൻ ഹള്ർ മൗത്തുവരെ അല്ലാഹുവിനെയും (വഴിമദ്ധ്യെ) ചെന്നായെയും അല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാനില്ലാത്തവിധം സഞ്ചരിക്കുന്നതാകുന്നു. പക്ഷേ, നിങ്ങൾ ബദ്ധപ്പാട് കാണിക്കുകയാണ്.' (ബുഖാരീ.) ഇങ്ങനെയുള്ള സന്ദർഭത്തിൽ, മുൻകാലത്ത് സത്യവിശ്വാസികളായ ഒരു കൂട്ടർ സഹിക്കേണ്ടി വന്ന ഒരു ദാരുണ സംഭവം, ഈ സൂറത്തിൽ അല്ലാഹു അവർക്ക് വിവരിച്ചുകൊടുക്കുകയാണ്.

വിറകുകൂമ്പാരം നിറച്ച് അത്യുഗ്രമായി കത്തിജ്വലിക്കുമാറാക്കിയ ഒരു തീകുണ്ഡാരത്തിൽ സത്യവിശ്വാസികളായ സാധുക്കളെ ജീവനോടെ ഇട്ട് അഗ്നിക്കിരയാക്കുകയും, അതിന്റെ ചുറ്റുപാടും ഇരുന്ന് ആ പാവങ്ങൾ തീയിൽ എരിഞ്ഞു പിടയുന്നത് നോക്കിക്കണ്ടുകൊണ്ട് ആഹ്ലാദിച്ചു രസിക്കുകയും ചെയ്ത ഒരു ക്രൂര ജനതയെപ്പറ്റിയാണ് അല്ലാഹു പ്രസ്താവിക്കുന്നത്. ഈ കഠോരകൃത്യം ചെയ്യാനുള്ള ഏകകാരണം ആ പുണ്യാത്മാക്കൾ അല്ലാഹുവിൽ വിശ്വസിച്ചത് മാത്രമായിരുന്നുവെന്ന് അടുത്ത വചനത്തിൽ അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നു. ആ അക്രമികളുടെ മേൽ അവൻ തക്ക നടപടികളെടുക്കാതിരിക്കുകയില്ലെന്നും, സത്യവിശ്വാസികൾക്ക് വമ്പിച്ച പ്രതിഫലങ്ങൾ ലഭിക്കുവാനിരിക്കുന്നുവെന്നും, അവരെക്കാൾ ഊക്കൻമാരായിരുന്ന ധിക്കാരികളെയും അല്ലാഹു വെറുതെ വിട്ടിട്ടില്ലെന്നും തുടർന്ന് ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതെല്ലാം സത്യവിശ്വാസികൾ ഓർമിക്കേണ്ടതുണ്ടെന്നത്രെ ഈ സംഭവം ഉദ്ധരിച്ചതിന്റെ താൽപര്യം.

തീക്കുണ്ടിന്റെ സംഭവം ഏതായിരുന്നുവെന്ന് തിട്ടപ്പെടുത്തിപ്പറയത്തക്കവിധം തെളിവുകളില്ല. ഒന്നിലധികം സംഭവങ്ങൾ ഇതിന് ഉദാഹരണമായി എടുക്കാവുന്ന രൂപത്തിൽ

നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്താനും. അവയിൽ ഏതെങ്കിലും ഒന്നിനെ ഉദ്ദേശിച്ചാണോ, അതല്ല, അവപോലെയുള്ള സംഭവങ്ങളെ മൊത്തത്തിൽ ഉദ്ദേശിച്ചാണോ ഈ വിവരണമെന്നും തീർത്തു പറയാവുന്നതല്ല. രണ്ടായാലും, ഈ സംഭവത്തിലടങ്ങിയ പാഠം ഗ്രഹിക്കുവാനും, അത് പ്രയോജനപ്പെടുത്തുവാനും, സംഭവം എവിടെവെച്ച് എപ്പോൾ ഉണ്ടായി എന്നറിയേണ്ടതില്ലല്ലോ. മേൽ സൂചിപ്പിച്ച നിവേദനങ്ങളിൽ കൂടുതൽ പ്രസ്താവയോഗ്യമായത് നമുക്ക് ഇവിടെ ഓർമിക്കാം.

ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയ ഒരു നബി വചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'മുൻകാലത്ത് ഒരു രാജാവിന് ഒരു 'സാഹിർ' (ആഭിചാരവിദഗ്ധൻ- അഥവാ മായവിദ്യക്കാരൻ) ഉണ്ടായിരുന്നു. അയാളുടെ മരണശേഷം തന്റെ ഒരു പിൻഗാമിയാക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തിൽ അയാൾ ഒരു കുട്ടിക്ക് 'സിഹ്ർ' (ആഭിചാരം അഥവാ മായവിദ്യ) പഠിപ്പിച്ചു വന്നിരുന്നു. കുട്ടിയുടെ വഴിമദ്ധ്യെ ഒരു 'റാഹിബ്' (പുരോഹിതൻ) ഉണ്ടായിരുന്നു. പോക്ക് വേളകളിൽ കുട്ടി റാഹിബുമായി സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുകയും, ആ വഴി കുട്ടിക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടായിത്തീരുകയും ചെയ്തു. ഒരു ദിവസം വഴിയിൽ ഒരു മൃഗം പ്രത്യക്ഷപ്പെട്ടു ഗതാഗത തടസ്സമുണ്ടാക്കുകയുണ്ടായി. റാഹിബിന്റെ സിദ്ധാന്തങ്ങളാണ് ശരിയായതെങ്കിൽ ഈ മൃഗത്തെ കൊലപ്പെടുത്തേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് കുട്ടി ആ മൃഗത്തിനുനേരെ കല്ലെറിഞ്ഞു. മൃഗം ചത്തു. മാർഗതടസ്സം നീങ്ങി. ഈ സംഭവം മുഖേന കുട്ടിയുടെ കാര്യം ജനശ്രദ്ധയാകർഷിച്ചു. അനന്തരം കുട്ടിയുടെ കൈക്ക് പല രോഗങ്ങളും സുഖപ്പെടുക മുതലായ സംഭവങ്ങൾ നടക്കുകയും, ജനങ്ങൾക്ക് കുട്ടിയെപ്പറ്റി വലിയ മതിപ്പുണ്ടായിത്തീരുകയും ചെയ്തു. കൂട്ടത്തിൽ രാജാവുമായി അടുത്ത ബന്ധമുള്ള ഒരാളുടെ കാഴ്ച നഷ്ടപ്പെട്ടിരുന്ന കണ്ണിനും കുട്ടിയുടെ കൈക്ക് സുഖം ലഭിച്ചു. ഇത് മുഖേന രാജാവും കുട്ടിയുടെ കഥ അറിഞ്ഞു. കുട്ടിയുടെ പഠിത്തത്തിന്റെ ഫലമാണ് അതെല്ലാമെന്നാണ് ജനങ്ങൾ ധരിച്ചത്. പക്ഷേ, ഇതെല്ലാം എന്റെ റബ്ബിന്റെ പ്രവർത്തനങ്ങളാണ് എന്ന് കുട്ടി പ്രഖ്യാപിച്ചു. 'ഞാനല്ലാതെ മറ്റൊരു റബ്ബ് ആരാണ്?' എന്നായി രാജാവ്. അതിനെത്തുടർന്ന് കുട്ടിയെയും അവന്റെ ഗുരുവായ റാഹിബിനെയുംരാജാവ് പിടികൂടി.റാഹിബിനെ ഉഴിവാൾ വെച്ച് പൊളിച്ച് വീഴ്ത്തി. പിന്നീട് കുട്ടി അവന്റെ പുതിയ മതം ഉപേക്ഷിക്കാത്തപക്ഷം അവനെ ഒരു മലമുകളിൽ കൊണ്ടുപോയി കീഴ്പോട്ടിടുവാൻ രാജാവ് കൽപ്പിച്ചു. പക്ഷേ, കുട്ടിയുടെ പ്രാർത്ഥനാഫലമായി കുട്ടി രക്ഷപ്പെട്ടു. അതിനുശേഷം കപ്പലിൽ കയറ്റി സമുദ്രത്തിലെറിയുവാൻ ഏർപ്പാട് ചെയ്തു. അതിലും അവൻ കരപ്പറ്റി രക്ഷപ്പെട്ടു. കൊണ്ടുപോയവർക്ക് നാശം പിണയുകയും ചെയ്തു. ഒടുക്കം കുട്ടി പറഞ്ഞു: 'എന്നെ കൊല്ലേണമെങ്കിൽ എന്റെ അമ്പുകൊണ്ട് എന്റെ റബ്ബിന്റെ പേര് പറഞ്ഞു എന്നെ പരസ്യമായി എറിയണം.' അത് ഫലിക്കുകയും ചെയ്തു. ഇത് കണ്ട് ജനങ്ങൾ കൂട്ടമായി അല്ലാഹുവിൽ വിശ്വസിച്ചു. അപ്പോൾ രാജാവും കിങ്കരൻമാരും വലിയ ഒരു അഗ്നികുണ്ഡം തയ്യാറാക്കി സത്യവിശ്വാസികളെ അതിലിട്ട് അഗ്നിക്കിരയാക്കി.' (رواه مسلم) ക്വുർആൻ ഉദ്ദേശിക്കുന്ന സംഭവം ഇതാണോ മറ്റ് വല്ലതുമാണോ എന്ന് നമുക്ക് തീർച്ചപ്പെടുത്തിക്കൂടാത്തതാണ്.

وَمَا نَقَمُواْ مِنۡهُمۡ إِلَّآ أَن يُؤۡمِنُواْ بِٱللَّهِ ٱلۡعَزِيزِ ٱلۡحَمِيدِ ۝٨

8 **പ്രതാപശാലിയായ, സ്തുത്യർഹനായ അല്ലാഹുവിൽ അവർ [ആ സത്യവിശ്വാസികൾ] വിശ്വസിക്കുന്നതല്ലാതെ, അവരെക്കുറിച്ച് അവർ (യാതൊന്നും) കുറ്റപ്പെടുത്തിയിട്ടില്ലതാനും;-**

ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٩﴾

﴿9﴾ അതായത്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം യാതൊരുവന്നാണോ അവനിൽ (വിശ്വസിക്കുന്നത്.) അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാകുന്നു.

﴿8﴾ وَمَا نَقَمُوا അവർ കുറ്റപ്പെടുത്തിയിട്ടില്ല, ആക്ഷേപിച്ചിട്ടില്ല, വെറുത്തിട്ടില്ല مِنْهُمْ അവരിൽനിന്ന്, അവരെക്കുറിച്ച് إِلَّا أَنْ يُؤْمِنُوا അവർ വിശ്വസിക്കുന്നതല്ലാതെ بِاللَّهِ അല്ലാഹുവിങ്കൽ الْعَزِيزِ പ്രതാപശാലിയായ الْحَمِيدِ സ്തുത്യർഹനായ ﴿9﴾ الَّذِي അതായത് യാതൊരുവൻ لَهُ അവന്നാകുന്നു مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ രാജാധിപത്യം وَالْأَرْضِ ഭൂമിയുടെയും وَاللَّهُ അല്ലാഹുവാകട്ടെ عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും شَهِيدٌ (ദൃക്ക്) സാക്ഷിയാണ്

എല്ലാ യാഥാർത്ഥ്യങ്ങളിലുംവെച്ച് ഏറ്റവും മഹത്തും, പരിപാവനവുമായ ആ യാഥാർത്ഥ്യത്തിൽ- അതെ, അല്ലാഹു മാത്രമാണ് ആരാധ്യനും രക്ഷിതാവുമെന്ന കാര്യത്തിൽ- വിശ്വസിച്ചുവെന്നല്ലാതെ മറ്റൊരു കുറ്റവും ആ സത്യവിശ്വാസികളുടെ മേൽ അവർക്ക് ചുമത്തുവാനില്ലായിരുന്നു. എന്നിരിക്കെ, അതിനെ ഏറ്റവും വമ്പിച്ച കുറ്റമായെടുത്ത് അവരെ പൈശാചികവും മൃഗീയവുമായ രൂപത്തിൽ ശിക്ഷിച്ച ആ ദുഷ്ടൻമാരെ അല്ലാഹു എങ്ങനെ ശപിക്കാതിരിക്കും?! സത്യവും സത്യവിശ്വാസവും, സ്വീകരിക്കുന്നതിന്റെ പേരിൽ, അസത്യത്തിന്റെയും അവിശ്വാസത്തിന്റെയും വൈതാളികൻമാരിൽനിന്നുണ്ടാകുന്ന എല്ലാ മൃഗീയ മർദ്ദനങ്ങളുടെയും സ്ഥിതി ഇതുതന്നെയാകുന്നു; എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നു. എല്ലാറ്റിനും അവൻ നടപടി എടുക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

إِنَّ ٱلَّذِينَ فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ ﴿١٠﴾

﴿10﴾ നിശ്ചയമായും, സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും (മർദ്ദിച്ചു) കുഴപ്പത്തിലാക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവർ; അവർക്ക് നരകശിക്ഷയുണ്ട്; അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുമുണ്ട്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۚ

﴿11﴾ നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ;- അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ട്.

ذَٰلِكَ ٱلۡفَوۡزُ ٱلۡكَبِيرُ ﴿١١﴾

അതത്രെ വലുതായ വിജയം.

إِنَّ بَطۡشَ رَبِّكَ لَشَدِيدٌ ﴿١٢﴾

《12》 നിശ്ചയമായും, നിന്റെ റബ്ബിന്റെ പിടുത്തം [പിടിച്ചു ശിക്ഷിക്കൽ] കഠിനമായത് തന്നെയാണ്.

إِنَّهُۥ هُوَ يُبۡدِئُ وَيُعِيدُ ﴿١٣﴾

《13》 നിശ്ചയമായും, അവൻ തന്നെയാണ്, ആദ്യമായുണ്ടാക്കുകയും, (വീണ്ടും) ആവർത്തിച്ചുണ്ടാക്കുകയും ചെയ്യുന്നത്.

وَهُوَ ٱلۡغَفُورُ ٱلۡوَدُودُ ﴿١٤﴾

《14》 വളരെ പൊറുക്കുന്നവനും, വളരെ സ്നേഹമുള്ളവനും അവനത്രെ.

ذُو ٱلۡعَرۡشِ ٱلۡمَجِيدُ ﴿١٥﴾

《15》 'അർശ്' [സിംഹാസനം] ഉള്ളവനും, മഹത്വമേറിയവനും;-

فَعَّالٌ لِّمَا يُرِيدُ ﴿١٦﴾

《16》 താൻ ഉദ്ദേശിക്കുന്നതെന്തോ അത് (ശരിക്കും) പ്രവർത്തിക്കുന്നവനും.

《10》 إِنَّ الَّذِينَ നിശ്ചയമായും യാതൊരുവൻ فَتَنُوا അവർ കുഴപ്പപ്പെടുത്തി, പരീക്ഷണത്തിലാക്കി (മർദ്ദിച്ചു) الْمُؤْمِنِينَ സത്യവിശ്വാസികളെ وَالْمُؤْمِنَاتِ സത്യവിശ്വാസിനികളെയും ثُمَّ പിന്നീട് لَمْ يَتُوبُوا അവർ പശ്ചാത്തപിച്ചതുമില്ല فَلَهُمْ എന്നാലവർക്കുണ്ട് عَذَابُ جَهَنَّمَ ജഹന്നമി (നരകത്തി)ന്റെ ശിക്ഷ وَلَهُمْ അവർക്കുണ്ട്താനും عَذَابُ الْحَرِيقِ കരിച്ചലിന്റെ (ചുട്ടെരിക്കുന്ന) ശിക്ഷ 《11》 إِنَّ الَّذِينَ നിശ്ചയമായും യാതൊരുവർ آمَنُوا വിശ്വസിച്ച وَعَمِلُوا الصَّالِحَاتِ സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَهُمْ جَنَّاتٌ അവർക്കുണ്ട് സ്വർഗങ്ങൾ تَجْرِي നടക്കുന്ന, ഒഴുകുന്ന مِنْ تَحْتِهَا അതിന്റെ അടിഭാഗത്തൂടെ الْأَنْهَارُ അരുവികൾ, നദികൾ ذَٰلِكَ الْفَوْزُ അതത്രെ വിജയം, ഭാഗ്യം الْكَبِيرُ വലിയ 《12》 إِنَّ بَطْشَ നിശ്ചയമായും പിടുത്തം (ശിക്ഷ) رَبِّكَ നിന്റെ റബ്ബിന്റെ لَشَدِيدٌ കഠിനമായതുതന്നെ 《13》 إِنَّهُ هُوَ നിശ്ചയം അവൻതന്നെ يُبْدِئُ ആദ്യമായുണ്ടാക്കുന്നു, തുടക്കം ചെയ്യുന്നു وَيُعِيدُ ആവർത്തിക്കുക (മടക്കിയുണ്ടാക്കുക)യും ചെയ്യുന്നു 《14》 وَهُوَ അവനത്രെ الْغَفُورُ വളരെ പൊറുക്കുന്നവൻ الْوَدُودُ വളരെ സ്നേഹം (താൽപര്യം) ഉള്ളവൻ 《15》 ذُو الْعَرْشِ അർശുള്ളവൻ, സിംഹാസനക്കാരൻ الْمَجِيدُ മഹത്വമേറിയവൻ, യോഗ്യതയുള്ളവൻ 《16》 فَعَّالٌ ശരിക്കും ചെയ്യുന്നവൻ, പ്രവർത്തിക്കുന്നവൻ لِمَا يُرِيدُ താൻ ഉദ്ദേശിക്കുന്നതിനെ, എന്ത് താൽപര്യപ്പെടുന്നോ അത്

എന്നിരിക്കെ, അവന്റെ പിടിയിൽ അമരാത്തവനോ, അവന്റെ നടപടിയിൽനിന്ന് രക്ഷപ്പെടുന്നുവനോ, അവനെ അതിജയിക്കുന്നവനോ ആരുണ്ട്? ആരും തന്നെയില്ല. എല്ലാം അവന്റെ സൃഷ്ടി. രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള അധികാരവും കഴിവും അവന്ന് മാപ്പുചെയ്യാനും ദയകാണിക്കുവാനുമുള്ള കഴിവും സന്നദ്ധതയും ഉള്ളവനും അവൻ തന്നെ. പരമാധികാരവും പരിപൂർണ സ്വാതന്ത്ര്യവും അവന്ന് മാത്രം. അവനെ ചോദ്യം ചെയ്യാൻ ആരുമില്ല.

هَلۡ أَتَىٰكَ حَدِيثُ ٱلۡجُنُودِ ١٧

《17》 (ആ) സൈന്യങ്ങളുടെ വർത്തമാനം നിനക്ക് വന്നെത്തിയിരിക്കുന്നുവോ (നബിയേ),-

فِرۡعَوۡنَ وَثَمُودَ ١٨

《18》 അതായത്, ഫിർഔന്റെയും, 'ഥമൂദി'ന്റെയും?!

《17》 هَلۡ أَتَاكَ നിനക്ക് വന്നിരിക്കുന്നുവോ حَدِيثُ വർത്തമാനം الْجُنُودِ സൈന്യങ്ങളുടെ 《18》 فِرۡعَوۡنَ അതായത് ഫിർഔന്റെ وَثَمُودَ ഥമൂദിന്റെയും

അതെ, ആ വർത്തമാനം നിങ്ങൾക്ക് അറിയാമല്ലോ, അത് നിങ്ങൾക്ക് സമാധാനം നൽകുവാനും, സത്യനിഷേധികൾക്ക് പാഠമായിരിക്കുവാനും പോരുന്നതാണ്.

بَلِ ٱلَّذِينَ كَفَرُواْ فِي تَكۡذِيبٖ ١٩

《19》 എങ്കിലും (ഈ) അവിശ്വസിച്ചവർ വ്യാജമാക്കലിലാണ് (ഏർപ്പെട്ടിട്ടു)ള്ളത്.

وَٱللَّهُ مِن وَرَآئِهِم مُّحِيطُۢ ٢٠

《20》 അല്ലാഹുവാകട്ടെ, അവരുടെ പിൻവശത്തിലൂടെ (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവനുമാണ്.

بَلۡ هُوَ قُرۡءَانٞ مَّجِيدٞ ٢١

《21》 പക്ഷേ, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു.

فِي لَوۡحٖ مَّحۡفُوظِۭ ٢٢

《22》 സുരക്ഷിതമായ ഒരു ഫലകത്തിലാണ് (അതുള്ളത്).

《19》 بَلِ എങ്കിലും (പക്ഷേ) الَّذِينَ كَفَرُوا അവിശ്വസിച്ചവർ فِي تَكْذِيبٍ വ്യാജമാക്കലിലാകുന്നു 《20》 وَاللَّهُ അല്ലാഹുവാകട്ടെ مِنْ وَرَائِهِمْ അവരുടെ പിൻവശത്തൂടെ, പിന്നിൽനിന്ന് مُحِيطٌ വലയം ചെയ്യുന്നവനാകുന്നു 《21》 بَلْ هُوَ എങ്കിലും (പക്ഷേ- എന്നാൽ) അത് قُرْآنٌ ഒരു ഖുർആനാകുന്നു (വായനാഗ്രന്ഥമാണ്) مَجِيدٌ മഹത്വമേറിയ, ശ്രേഷ്ഠമാക്കപ്പെട്ട 《22》 فِي لَوْحٍ ഒരു ഫലകത്തിൽ, പലകയിൽ مَحْفُوظٍ സുരക്ഷിതമായ, സൂക്ഷിക്കപ്പെട്ട

അക്രമത്തിലും മർദ്ദനത്തിലും മുൻപന്തിയിൽനിന്നിരുന്ന അതികേമൻമാരായ ഫിർ

ഔൻ, ഥമൂദുവർഗംപോലെയുള്ളവരുടെയെല്ലാം പര്യവസാനങ്ങൾ എന്തായിരുന്നുവെന്ന് പൊതുവിൽ അറിഞ്ഞു കഴിഞ്ഞതാണല്ലോ. ഈ ധിക്കാരികൾക്ക് അതിൽനിന്നൊന്നും പാഠം പഠിഞ്ഞിട്ടില്ല. അവരിപ്പോഴും നിഷേധത്തിലും ധിക്കാരത്തിലും ഉറച്ചുനിൽക്കുകയാണ്. അല്ലാഹു എല്ലാം സൂക്ഷ്മമായി അറിഞ്ഞുകൊണ്ടിരിക്കുന്നുതാനും. അതവർ ഓർക്കുന്നില്ല. ഖുർആനാണെങ്കിൽ- അതാണല്ലോ അവരുടെ ഈ ദുഷ്ചെയ്തികൾക്ക് കാരണമായിത്തീർന്നിരിക്കുന്നത്- അതിലെ വചനങ്ങളും ആശയങ്ങളും അത് വിഭാവനം ചെയ്യുന്ന ആദർശങ്ങളുമെല്ലാംതന്നെ അതിമഹത്തായതും ആരുടെ കൈകടത്തലിനും പഴുതില്ലാത്തവിധം സുരക്ഷിതമായതുമാകുന്നു. അതിനെ വ്യാജമാക്കിത്തള്ളുവാനോ, നിഷേധിക്കുവാനോ യാതൊരു ന്യായവുമില്ല, കാരണവുമില്ല.

لَوْحٍ مَحْفُوظٍ (സുരക്ഷിതഫലകം- അഥവാ സൂക്ഷിക്കപ്പെട്ട പലക) എന്നാൽ ഏതാണ്? അതെവിടെയാണ്? ഏതുതരത്തിലുള്ളതാണ്? എന്നൊന്നും നമുക്ക് വസ്തുനിഷ്ഠമായി വിവരിക്കുവാൻ അറിഞ്ഞുകൂടാ. വാക്കിന്റെ ഭാഷാർത്ഥത്തെ അടിസ്ഥാനമാക്കി -ചില ആളുകൾ ചെയ്തുകാണുന്നതുപോലെ- അതിനെ കേവലം ഒരു ഭൗതിക വസ്തുവായി ചിത്രീകരിക്കുവാനോ, നമ്മുടെ കയ്യിലുള്ള 'മുസ്ഹഫു'കളോ മറ്റോ ആണെന്ന് വിധികൽപിക്കുവാനോ മുതിരുന്നത് അന്യായമാണ്. ഖുർആനെപ്പറ്റി സൂറത്തുൽ വാകിഅഃ 77 – 79 ൽ إِنَّهُ لَقُرْآنٌ كَرِيمٌ فِي كِتَابٍ مَّكْنُونٍ لاَّ يَمَسُّهُ إِلاَّ الْمُطَهَّرُونَ (അത് മാന്യമായ ഒരു ഖുർആനാണ്, ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണുള്ളത്. പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കയില്ല.) എന്ന് പറഞ്ഞിരിക്കുന്നു. ഇതിന്റെ വിവരണത്തിൽ അവിടെ നാം പ്രസ്താവിച്ചത് ഓർക്കുക. ആ ആശയംതന്നെയാണ് ഇവിടെയും ഉള്ളത്. സൂറ: റഅ്ദിൽ يَمْحُو اللَّهُ مَا يَشَاءُ وَيُثْبِتُ وَعِندَهُ أُمُّ الْكِتَابِ الرعد: ٣٩- (അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ചുകളയുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം അവന്റെ അടുക്കലുണ്ട്താനും.) എന്നും പറയുന്നു. അപ്പോൾ, അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഒരു ജ്ഞാനരേഖയാണ് അതെന്നും, ഖുർആനടക്കം അല്ലാഹു അതിൽ പലതും രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്നും, അവൻ അറിയിച്ചുകൊടുത്തതല്ലതെ ആർക്കും അതിനെപ്പറ്റി അറിയുവാൻ കഴിയുന്നതല്ലെന്നും ഗ്രഹിക്കാമല്ലോ. ഖുർആൻ വചനങ്ങളിൽനിന്നും, നബിവചനങ്ങളിൽനിന്നും, മുൻഗാമികളായ മഹാൻമാരുടെ വചനങ്ങളിൽനിന്നും പൊതുവിൽ 'ലൗഹുൻ- മഹ്ഫൂദ്വി (لوح محفوظ)'നെപ്പറ്റി മുസ്‌ലിംകൾ മനസ്സിലാക്കുന്നതും വിശ്വസിക്കുന്നതും അതാണ്. والله اعلم

ولله الحمد والمنة